**JALSA OPENING SPEECH 2017**

**ജൽസാ സാലാന- മൗറിഷ്യസ് 2017**

**ഉത്ഘാടന പ്രഭാഷണം**

**Hazrat Khalifathullah Munir Ahmad Azim (A)**

**06 October 2017**

നമ്മുടെ വാർഷിക സമ്മേളനം മറ്റു ഭൗതിക പൊതുയോഗങ്ങൾ പോലെയുള്ള ഒന്നല്ല. വാണിജ്യമേളകൾ, സൗഹൃദ കൂട്ടായ്മകൾ തുടങ്ങി ഭൗതികതയുടെ ആഘോഷങ്ങളുമായി നമ്മുടെ ഈ ആത്മീയ സമ്മേളനത്തിന് ഒരു ബന്ധവുമില്ല തന്നെ

നമ്മൾ ഇവിടെ കൂടിയിരിയ്ക്കുന്നത് അല്ലാഹുവിന്റെ തൃപ്തിയും കാരുണ്യവും അന്വേഷിച്ചാണ്. ശാരീരകവും, ധാർമ്മികവും ഉൾപ്പെടെ വ്യക്തിജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികൾക്കിടയിലും നാം പ്രതീക്ഷയോടും, വിശ്വാസത്തോടും മുന്നോട്ടു പോകുന്നു. അല്ലാഹു (ത) നമ്മുടെ പ്രാർത്ഥകൾ കേൾക്കുന്നു. നമുക്കിടയിലുള്ള മറ്റുള്ളവരുടെ പ്രാർത്ഥനകൾ നമുക്ക് പ്രയോജനം ചെയ്യും. അവന്റെ കാരുണ്യത്തിന്റെ തിരശ്ശീലകൊണ്ട് നമ്മുടെ തെറ്റുകളും ബലഹീനതകളും മറയ്ക്കുവാൻ കഴിവുള്ളവനാണ് ദൈവം. അവന്റെ മാർഗ്ഗത്തിൽ നാം നടത്തുന്ന പരിശ്രമങ്ങൾ അവൻ സ്വീകരിയ്ക്കട്ടെ. നമ്മുടെ പ്രവർത്തികൾ സ്വീകരിച്ച്, വിജയം കൊണ്ടനുഗ്രഹിച്ച്, അവൻ പ്രതിഫലം നൽകട്ടെയെന്നും നമുക്ക് പ്രാർത്ഥിയ്ക്കാം.

ജൽസായുടെ ദിനം വളരെ പ്രാധാന്യമർഹിയ്ക്കുന്നു. ഈ അസുലഭ ദിനത്തിന്റെ ഓരോ നിമിഷവും പ്രയോജനപ്പെടുത്താൻ നമ്മെക്കൊണ്ട് കഴിയുന്നതെല്ലാം നാം ചെയ്യേണ്ടതാണ്. ശയ്ത്താൻ നല്കുന്ന പ്രേരണകൾക്കു പുറകേപോയി ഈ അസുലഭ നിമിഷങ്ങളെ നഷ്ടപ്പെടുത്താൻ ഇടവരാതിരിയ്ക്കട്ടെ. പ്രാർത്ഥനയിൽ മുഴുകി ജീവിയ്ക്കുക. സ്ഥലത്തെത്തുന്ന മറ്റു അംഗങ്ങളെ കാണുക. സ്നേഹത്തോടും സന്തോഷത്തോടും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുക, മാന്യമായ സംസാരങ്ങളിലൂടെ സഹോദര്യബന്ധങ്ങളെ ഊട്ടി

യുറപ്പിക്കുക. നമ്മുടെ നാഥനായ അല്ലാഹു (ത) വുമായുള്ള കണ്ടുമുട്ടലിനെപ്പറ്റി എപ്പോഴും ഓർക്കുക. നിങ്ങളുടെ സൃഷ്ടാവിലേക്ക് തിരിയുക. നിങ്ങളുടെ എല്ലാ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ആവശ്യങ്ങളും, സമ്പൂർണ്ണ വിനയത്തോടെ, പ്രാർത്ഥനയിൽ അല്ലാഹുവിനോട് പറയുക. ദൈവം തമ്പുരാനോട്, ഈ വാക്കുകളിൽ പ്രാർത്ഥിയ്ക്കുക.

ഞങ്ങളുടെ നാഥാ ! ഞങ്ങൾ വളരെ ബലഹീനരാണ് നിന്റെ ഏകത്വം പ്രഘോഷിയ്ക്കാനും സത്യദീനിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിയ്ക്കാനുമുള്ള ഭാരിച്ച ഉത്തരവാദിത്തം നീ ഞങ്ങളുടെ മേൽ ചുമത്തിയിരിയ്ക്കുന്നു. സർവ്വശക്തനായ നിന്റെ സഹായവും, അനുഗ്രഹവും കാരുണ്യവും കൂടാതെ ഈ വലിയ ബാദ്ധ്യത നിറവേറ്റാൻ ഞങ്ങളുടെ കഴിവും നൈപുണ്യവും ആസ്തി കൊണ്ടും മാത്രം കഴിയുകയില്ല തന്നെ. അതുകൊണ്ട് ഞങ്ങളുടെ എല്ലാ കുറ്റങ്ങൾക്കിടയിലും നിന്റെ കാരുണ്യത്തെപ്പറ്റി ഞങ്ങൾ ഹതാശരാവുകയില്ല. അല്ലാഹുവേ ! ഞങ്ങളുടെ ജോലി ഭംഗിയായി നിർവ്വഹിയ്ക്കുവാൻ ഞങ്ങളെ നീ ഒരുക്കി നിർത്തേണമെ ! നിന്റെ തൃപ്തിയും സാമിപ്യവും കരഗതമാകുന്ന രീതിയിൽ ഞങ്ങളുടെ പ്രവർത്തികളെ തിരിച്ചു വിടേണമെ ! ഈ ലോകം നിന്റെ ഏകത്വത്തെ പ്രഘോഷിയ്ക്കട്ടെ. ജനഹൃദയങ്ങളിൽ സാഹചര്യമൊരുക്കട്ടെ, ഇൻശാ അല്ലാഹ്

സർവ്വശക്തനായ ദൈവം തമ്പുരാന്റെയും അവന്റെ തിരുദൂതരുടെയും അവന്റെ മസീഹായ ഹസ്രത്ത് മിർസാഗുലം അഹ്മദ് (അ) ന്റെയും വാക്കുകൾ ശ്രവിയ്ക്കുന്നതിനു വേണ്ടിയാണ് നാം ഇവിടെ സന്നിഹിതരായിരിയ്ക്കുന്നത്. നിങ്ങളുടെ ആത്മീയ നിലവാരം ഉയർത്താനുതകുന്ന ഈ സന്ദേശങ്ങൾ സവിശേഷ ശ്രദ്ധയോടെ നിങ്ങളോരോരുത്തരും ശ്രവിയ്ക്കണമെന്ന് ഞാൻ ആഗ്രഹിയ്ക്കുന്നു.

ഈ സന്ദേശങ്ങൾ നന്നായി മനസ്സിലാക്കുവാനുള്ള കഴിവ് അല്ലാഹു (ത) നമുക്ക് നല്കട്ടെയെന്നും നമുക്ക് പ്രാർത്ഥിയ്ക്കാം. ഈ ഉപദേശങ്ങളെക്കനുസരിച്ച് പ്രവർത്തിയ്ക്കുവാനും അവൻ തൗഫീക്ക് നല്കട്ടെ. അങ്ങനെ നമ്മൾ അവന്റെ ദിവ്യകാരുണ്യത്തിന് പാത്രീഭൂതരാകട്ടെ. ഇൻശാ അല്ലാഹ് അല്ലാഹു (ത) എപ്പോഴും നമ്മെ അവന്റെ സൃഷ്ടികളായി നിലനിർത്തട്ടെ, അവൻ നമ്മെ

ചെകുത്താന്റെ സന്തതികളാകാതിരിയ്ക്കാൻ സഹായിക്കട്ടെ. നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും വർദ്ധിയ്ക്കുന്നതിന് അനുസരിച്ച് ജൽസാസലാനയുടെ എല്ലാ അനുഗ്രഹങ്ങളെപ്പറ്റിയും എപ്പോഴും സ്മരണയുള്ളവരായിരിക്കട്ടെ.

ജൽസാ സലാനയുടെ വിജയത്തിനായ് വാഗ്ദത്തമസീഹ് (അ) ഏറെ ദുആകൾ ചെയ്തിരുന്നു. പങ്കെടുക്കുന്നവർക്കും വ്യക്തമായ സാഹചര്യങ്ങൾ മൂലം പങ്കെടുക്കുവാൻ കഴിയാത്തവർക്കു വേണ്ടിയും ആ മഹാത്മാവ് ഒരുപാട് പ്രാർത്ഥിച്ചിരുന്നു. ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രാർത്ഥനകളുടെ ഫലം പൂർണ്ണമായി ആർജ്ജീയ്ക്കുവാൻ നാം അദ്ദേഹത്തിന്റെ യഥാർത്ഥ ആദ്ധ്യാത്മീക അനന്തരാവകാശികൾ ആയിത്തീരണം.

ഇത് വളരെ ഭാരിച്ച് ഒരു ഉത്തരവാദിത്തമാണ്.അതുകൊണ്ടു തന്നെ, ജൽസയിലെ ഓരോ നിമിഷവും വളരെ പ്രാധാന്യമർഹിയ്ക്കുന്നു. നമ്മുടെ ചിന്തകൾ ആത്മീയമായി ഈ ജൽസയിൽ ബന്ധിതമായി നില്ക്കുന്നില്ലെങ്കിൽ, അതിന്റെ നഷ്ടം നമുക്കോരുത്തർക്കും തന്നെയാണെന്ന് മറക്കരുത്. ജൽസയിൽ ലഭിയ്ക്കുന്ന മഹത്തായ ഉപദേശങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ. പ്രഭാഷണങ്ങൾ വഴി ലഭിയ്ക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിങ്ങളുടെ ചിന്തയ്ക്ക് വിഷയിഭവിക്കട്ടെ. ഇത് തീർച്ചയായും ഒരസുലഭ നിമിഷം തന്നെയാണ്. അതുകൊണ്ട് ഏറെ ദുആ ചെയ്യുക. നിങ്ങളുടെ ആത്മാവിന്റ രക്ഷയ്ക്കു വേണ്ടിയും പരലോക വിജയത്തിനു വേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ സന്താനങ്ങൾക്കും മാതാപിതാക്കൾക്കും വേണ്ടി പ്രാർത്ഥിക്കുക. നിങ്ങളുടെ അയൽക്കാർക്കും മറ്റു പൗരന്മാർക്കും പാവങ്ങൾക്കും സമുദായ അംഗങ്ങൾക്കും രാജ്യത്തിന് വേണ്ടിയും ദുആ ചെയ്യുക. മാനവരാശിയ്ക്ക് ദൈവത്തിന്റെ ഏകത്വം സംബന്ധിച്ച നബി തിരുമേനി (സ) യുടെ സന്ദേശം ഹൃദയത്തിൽ ഏറ്റുവാങ്ങുവാൻ സാധിക്കട്ടെ. ഈ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ അല്ലാഹു (ത) നമുക്കു അവസരം നല്കട്ടെ. അവന്റെ അനുഗ്രഹങ്ങളിൽ നിന്ന് അല്ലാഹു (ത) നമുക്ക് ഒരു ഭാഗം നല്കട്ടെ

ഇഹലോകത്തെ നമ്മുടെ ജീവിതം തികച്ചും താല്ക്കാലികമാണ്. ഇന്നിവിടെ ഹാജരായിരിക്കുന്ന നമ്മളൊക്കെ അടുത്തവർഷം ഇവിടെയുണ്ടാകുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയുകയില്ല. കാലത്തിന്റെ നശ്വരയതെയപറ്റി ജന

ങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് നമ്മുടെ കടമയായി കരുതുക. ഏറ്റവും അപകടം പിടിച്ച ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിയ്ക്കുന്നത്. ദിവ്യ വെളിപാടുകളിലൂടെ നമുക്ക് മനസ്സിലാക്കാവുന്നത് അതു തന്നെയാണ്. എല്ലാ സമുദായങ്ങളും, രാഷ്ട്രങ്ങളും പലരീതിയിൽ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു. ക്ഷാമം, വരൾച്ച, വെള്ളപൊക്കം, ഭൂമികുലുക്കം, അഴിമതി, സാമ്പത്തിക മാന്ദ്യം, തുടങ്ങി പ്രശ്നങ്ങൾ പലതാണ്.

ഇത്തരം ദുരന്തങ്ങൾ അവരെ പിന്തുടരുമ്പോൾ, ഭൗതികവാദികൾ ദുഃഖിതരാകുന്നു. പ്രശ്നങ്ങൾക്കു നടുവിൽ, ചിന്തിയ്ക്കാനുള്ള കഴിവ്, അവർക്ക് നഷ്ടമാകുന്നു. ആത്മീയ സരണിയിൽ ചരിക്കുന്നവർ രണ്ടുതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നവരാണ്. തന്റെ വീട്ടിൽ നിന്ന് നമസ്ക്കാരത്തിന് പള്ളിയിലേക്കു പോകുന്ന വിശ്വാസികൾ, രാത്രിയുടെ യാമങ്ങളിൽ നമസ്ക്കാരത്തിനായി എഴുന്നേല്ക്കുമ്പോൾ, റമദാൻ മാസത്തിൽ നോമ്പുനഷ്ഠിക്കുന്നവർക്ക് ഹജ്ജ് തീർത്ഥാടനത്തിൽ ഏർപ്പെടുന്നവർ, തന്റെ ധനത്തിൽ നിന്ന് മറ്റുള്ളവർക്കായി സക്കാത്ത് നല്കാൻ ശ്രമിക്കുന്നവർ – തന്റെ നാഥനായ ദൈവത്തിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട്, ഈ കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ പരിശ്രമിക്കുമ്പോൾ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും. അതുകൊണ്ടു തന്നെ, ഈ സദ്വൃത്തികൾ പ്രതിഫലദായകങ്ങളാണ് ഇക്കാരണത്താൽ, ആത്മാവിന്റെ ശുദ്ധീകരണം എളുപ്പമല്ല, അതിന് ത്യാഗം ചെയ്യേണ്ടതാവശ്യമായി വരുന്നു. പരീക്ഷണങ്ങൾക്കു നടുവിൽ ക്ഷമയും സഹനതയും കൈക്കൊള്ളേണ്ടുതുണ്ട്.

അതേ സമയം, മനുഷ്യന്റെ പ്രവർത്തി പരിധികൾക്കപ്പുറത്തു നിന്ന് വരുന്ന ദൈവീകമായ പരീക്ഷണങ്ങൾ നേരിടുകയല്ലാതെ നമുക്ക് നിവൃത്തിയില്ല. ഈ കാരണം കൊണ്ടു തന്നെയാണ് വെല്ലുവിളികൾ നേരിടുന്നവർക്ക് ദൈവീക സാമീപ്യം പ്രാപിക്കാൻ അവസരം ലഭിയ്ക്കുന്നത്. അതുകൊണ്ട് നമ്മൾ ഓരോരുത്തരും ഈ കാര്യങ്ങൾ നന്നായി മനസ്സിലാക്കുക. അല്ലാഹു (ത) രണ്ടു തരത്തിലുളഅള ബുദ്ധിമുട്ടുകൾ മനുഷ്യർക്ക് മുന്നിൽ കൊണ്ടു വരുന്നു. ആദ്യത്തെ തരം, വ്യക്തി ജീവിതത്തിൽ വരുന്നതാണ്. രണ്ടാമത്തേത് പ്രകൃതി സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് രൂപപ്പെടുന്നു. ആദ്യത്തെ തരം വെല്ലുവിളികൾ നേരിടുന്നതിനു പകരം പ്രശ്നങ്ങളിൽ നിന്ന് ഊരിമാറാൻ മനുഷ്യർ ശ്രമിക്കുന്നു.

രണ്ടാമത്ത തരം ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ആർക്കാണ് രക്ഷപ്പെടാൻ സാധിക്കുക ?

ഇത്തരം ദുരന്തങ്ങൾ വരുമ്പോൾ, നേരിടുകയല്ലാതെ മനുഷ്യന് നിവൃത്തിയില്ല. പക്ഷെ, ഒരു വിശ്വാസിയുടെ രീതികൾ വ്യത്യസ്തമാണ്. ആദ്യത്തെ തരം വെല്ലുവിളികൾ നേരിടുമ്പോൾ, വിശ്വാസി സഹനതയോടെ നിലകൊള്ളുന്നു. എന്നു മാത്രമല്ല, അല്ലാഹു (ത) വിന്റെ തൃപ്തിയെക്കരുതി അവൻ സന്തോഷത്തോടെ ഈ പരിക്ഷണങ്ങളിലൂടെ കടന്നു പോകുന്നു. അങ്ങനെ, പരീക്ഷണങ്ങളിൽ സന്തോഷം കണ്ടെത്തുകയെന്നത് ഉന്നത സ്ഥാന ഗരിമയ്ക്കുള്ള ആത്മീയവഴിയാണ്. അല്ലാഹുവിന്റെ തൃപ്തി മറ്റെല്ലാ പ്രശ്നങ്ങൾക്കും മുകളിൽ ഒരു ലക്ഷ്യമായി വിശ്വാസികാണുന്നു.

നാളെയെന്തു സംഭവിക്കുമെന്ന് ഒരാൾക്കും അറിയില്ല. അല്ലാഹു (ത) വിന്റെ വിധി പ്രകാരമാണ് എല്ലാ ബുദ്ധിമുട്ടുകളും നിലകൊള്ളുന്നത്. നാം ഓരോരുത്തരും പ്രാർത്ഥിക്കുക, പശ്ചാത്തപിക്കുക അല്ലാഹുവിന്റെ തൃപ്തിയിൽ നിങ്ങളുടെ സന്തോഷത്തെ കണ്ടെത്തുക.

അതുകൊണ്ട് ജൽസാസലാനാ ഒരു പ്രത്യേക പരിപാടിയാണ്. ഇതിൽ പങ്കെടുക്കുന്നത് അല്ലാഹുവിന്റെ വിധി പ്രകാരമാണ്, അല്ലാഹുവിന് വേണ്ടി മാത്രമാണ്. പങ്കെടുക്കുന്ന ഓരോരുത്തരും അല്ലാഹുവിന്റെ ഒരടയാളവും ആണ്. പക്ഷെ, എല്ലാത്തിനും ഉപരിയായി, നമുക്ക് ദൈവഭയം കൈകൊള്ളാം. തഖ്‌വ അല്ലാഹുവിന്റെ കണ്ണുകളിൽ, ഏറ്റവും പ്രാധാന്യം അർഹിയ്ക്കുന്നു. ജൽസയുടെ അവസരത്തിൽ, അല്ലാഹു (ത) എല്ല അംഗങ്ങളുടേയും തഖ്‌വ പരിശോധിക്കുന്നു. ജൽസാ സാലാനയിൽ നിങ്ങൾ പങ്കെടുക്കുക. അത് നിങ്ങളുടെ വിശ്വാസത്തെ ദൃഢികരിയ്ക്കും അതുകൊണ്ട് ജൽസാസലാനയുടെ ഒന്നാം ദിനത്തിൽ തന്നെ ഇവിടെ എത്തിച്ചേർന്ന് പങ്കെടുക്കുന്നവർ തീർച്ചയായും ഭാഗ്യവാന്മാരും അനുഗ്രഹീതരുമാണ്. എന്റെ ജീവിതകാലത്തെ എല്ലാ ജൽസകളും ചരിത്രപരമാണ്. എന്റെ സന്ദേശങ്ങൾ ഞാൻ ആവർത്തിച്ചു കൊണ്ടിരിയ്ക്കും. നിങ്ങൾ ഇത് ഭംഗിയായി മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ചെയ്യേണ്ട ത്യാഗങ്ങളെക്കുറിച്ച് നിങ്ങൾക്ക് നന്നായി അറിയാം. ഈ ത്യാഗങ്ങൾ അല്ലാഹു

വിലുള്ള നിങ്ങളുടെ വിശ്വാസത്തിനും ആത്മാർത്ഥയ്ക്കും തെളിവായി നില കൊള്ളും.

അതുകൊണ്ട്, അല്ലാഹുവിന്റെ ഏകത്വത്തെ സംബന്ധിച്ച സന്ദേശം എല്ലാ ജനങ്ങളിലും ഒരു വ്യത്യാസവുമില്ലാതെ എത്തേണ്ടതുമാണ്. പക്ഷെ ഇത് സാദ്ധ്യ മാക്കുന്നതിന് നിങ്ങൾക്ക് മാലാഖമാരുടെ സഹായം വേണ്ടി വരും. നിങ്ങൾ പൂർണ്ണമായും ദിക്റെ ഇലാഹി (ദൈവസ്മരണയിൽ മുഴുകുകയും പ്രാർത്ഥന കൾ നടത്തുകയും ചെയ്താൽ, തീർച്ചയായും അല്ലാഹുവിന്റെ മാലാഖമാർ നിങ്ങളെ വന്ന് സഹായിക്കും. ഹസ്രത്ത് മുഹമ്മദ് നബി (സ) അങ്ങനെ പറ ഞ്ഞിട്ടുണ്ട് അതുകൊണ്ട്, ജൽസയുടെ നാളുകളിൽ പ്രാർത്ഥനയും ദൈവസ്മ രണയും അധികരിപ്പിക്കുക. അല്ലാഹുവിന്റെ ഭക്തദാസരും മാനവസേവകരും ആയി നിങ്ങൾ മാറിത്തീരും. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് സഹനതയോടെ, പ്രാർത്ഥനയോടെ, ദൈവസ്മരണയോടെ പരിഹാരത്തിന് പരിശ്രമിയ്ക്കുക.നി ങ്ങളുടെ ആത്മാർത്ഥ ശ്രമങ്ങൾക്ക് ഗുണമുണ്ടായി വരും. ആളുകൾ നമ്മുടെ ജൽസായിൽ എത്തിച്ചേരും ഇൻശാഅല്ലാഹ്.

ഇന്ന്, യുവാക്കൾക്കിടയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിയ്ക്കു ന്നു. തൊഴിൽ തേടി ആഗോള തലത്തിൽ സഞ്ചരിക്കുന്നവർ പുതിയ ചലന ങ്ങൾ സൃഷ്ടിക്കുന്നു. ഈ യുവതലമുറ തങ്ങളുടേതായ ഒരു സാമുഹീക വർഗ്ഗത്തെ തന്നെ സൃഷ്ടിച്ചിരിക്കുന്നു. തങ്ങളുടെ റ്റാറ്റൂ (ശരീരകല) കളും ഹീറോ കളും അവർ ആരാധിക്കുന്നു. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം യുവാക്കളെ തമ്മിൽ മതാടിസ്ഥാനത്തിൽ തിരിച്ചറിയാൻ ഇപ്പോൾ സാദ്ധ്യമല്ല. കുതിരപന്തയങ്ങൾ, ചൂതാട്ട ശാലകൾ, മുന്തിയതരം ബാറുകൾ, സിനിമാ തിയേറ്ററുകൾ, ഈ യുവാ ക്കളെല്ലാം ഇത്തരം സ്ഥാപനങ്ങളിലേക്ക് സ്ഥിരം സന്ദർശകരായി പോകുന്നവ രാണ്. അവർ ആസ്വദിക്കുന്നത് ഒരേ തരം സംഗീതമാണ്. അവർ മതവിദ്യാഭ്യാ സത്തെ ഉപേക്ഷിച്ചിരിയ്ക്കുന്നു.. സമകാലീന ഫാഷൻ ട്രെന്റുകൾക്കു പിന്നാ ലെയാണവർ.

സമൂഹത്തിലെ തലമുതിർന്നവർ വളർന്നു വരുന്ന തലമുറയ്ക്കു സദുപദേ ശങ്ങളിലൂടെ നല്ല ജീവിതം നയിക്കുന്നതിനു വേണ്ട സ്വഭാവ രീതികൾ പരിശീ ലിപ്പിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. നമ്മുടെ യുവ തലമുറ അവശ്യം അറി ഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവർക്ക് ലഭ്യമാക്കണം. സമൂഹത്തിൽ വിലയും

നിലയും ഉള്ള അംഗങ്ങളായിത്തീരാൻ അവർക്ക് മാർഗ്ഗനിർദേശങ്ങൾ വിദ്യാഭ്യാസ പ്രക്രീയയിലൂടെ ലഭ്യമാകണം. ചിന്തിക്കാനും യുക്തിബോധത്തോടെ പ്രവർത്തിക്കാനും തുറന്നമനസ്സോടെ കാര്യങ്ങളെ നോക്കി കാണാൻ കഴിവുള്ളവരും ആയി നമ്മുടെ യുവതലമുറയെ വളർത്തിയെടുക്കാൻ വേണ്ട പരിശീലനമാണ് അവർക്ക് നല്കേണ്ടത്. ഇത്തരം പരിശീലനം അവർക്ക് ലഭിക്കുമ്പോൾ, നമ്മുടെ യുവാക്കൾക്ക് ജീവിതപ്രതിസന്ധികളിൽ ഉചിതതീരുമാനങ്ങൾ കൈകൊള്ളാൻ സാധിക്കും,

ഒരു കുഞ്ഞിന്റെ അനൗപചാരിക വിദ്യാഭ്യാസം അത് ജനിക്കുമ്പോഴെ തുടങ്ങുന്നു. തിരു നബി (സ) അങ്ങനെയാണ് നമ്മോടു പറഞ്ഞത്, അല്ലാഹു (ത) ഏകനാണെന്നും മുഹമ്മദ് (സ) ദൈവദൂതനാണെന്നും കേട്ടുകൊണ്ട് ഒരു മുസ്ലിം കുഞ്ഞ് തന്റെ വിദ്യാഭ്യാസം ആരംഭിക്കുന്നു.

(കുഞ്ഞുങ്ങളുടെ വൈജ്ഞാനിക പുരോഗതിയ്ക്ക് വിവിധ വിഷയങ്ങളിൽ പരിശിലിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടർന്ന് വിശദീകരിച്ചു കൊണ്ട് ഹസൂർ (അ) തുടർന്നു പറയുന്നു.

നമ്മുടെ കുട്ടികളെ ഗണിതവും ശാസ്ത്രശാഖകളും പഠിപ്പിക്കണം. ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങൾ നല്കി അവരുടെ ശ്രദ്ധ തിരിച്ചു വിടേണടതാണ്. ഈ പഠനങ്ങളിൽ ഒരുപാട് പുരോഗതിയാർജ്ജിക്കുവാൻ അവർക്ക് കഴിയുന്നതാണ്, ഇൻശാ അല്ലാഹ് വളരുന്ന കുട്ടികൾക്ക് വേണ്ട ശിക്ഷണം നല്കാതെ ഒരു സമുദായത്തിനും പുരോഗതി പ്രാപിക്കുവാൻ കഴിയുകയില്ല തന്നെ. നാളത്തെ ഉത്തരവാദിത്വത്തങ്ങൾ ഏറ്റെടുക്കവാൻ പ്രാപ്തിയുള്ളവരായി തീരാൻ സമുദായത്തിന്റെ നെടുംതൂണുകളായ യുവതലമുറയ്ക്ക് പരിശീലനം അത്യാവശ്യമാണ്. മനുഷ്യ സമുദായത്തിന് സേവനം അർപ്പിക്കുന്ന നല്ല വ്യക്തികളായി നമ്മുടെ അംഗങ്ങൾ മാറണം. അധാർമ്മികതയും, കുറ്റകൃതങ്ങളും മറ്റു പല തരത്തിലുള്ള അപചയങ്ങളും കൊണ്ട് ലോകം മുഴുവനും കലുഷിതമായിരിയ്ക്കുന്നു. അല്ലാഹു (ത) നമുക്കു നല്കിയ കഴിവുകൾ ഉപയോഗിച്ചു കൊണ്ട്, ദൈവത്തിന്റെ ഏകത്വത്തെ മുൻനിർത്തി മനുഷ്യരാശിയുടെ സേവനത്തിനായ് ശബ്ദമുയർത്താൻ, ഉപകരിക്കുന്ന സമ്മേളനങ്ങളും സെമിനാറുകളും വിവിധ വിഷയങ്ങളിൽ സംഘടിപ്പിക്കാൻ നാം ശ്രമിക്കേണ്ടതാണ്,

ധാർമ്മികവും ആദ്ധ്യാത്മികവുമായ വിഷയങ്ങളിൽ, നമ്മുടെ യുവാക്കളെ

പരിശിലിപ്പിക്കുന്നതിനു പുറമേ അവരുടെ ശാരീരിക പരിശീലനവും, കായിക രംഗവും പ്രത്യേകം പ്രാധാന്യം അർഹിയ്ക്കുന്നു. ജമാഅത്തിലെ ഉത്തരവാദപ്പെട്ട വർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ജമാഅത്തു അംഗങ്ങളായ മുതിർന്നവരോടും യുവതലമുറയോടും എനിക്കു പറയുവാനുള്ള ഉപദേശം ഇതാണ്. സദ്‌വൃത്തരോടൊപ്പം ചേർന്നു നില്ക്കുക. നിങ്ങ ളെത്തന്നെ ശുദ്ധീകരിക്കുക. അല്ലാഹു (ത) വിനോടുള്ള സാമിപ്യത്തിനായ് അവന്റെ ഖലീഫയോടും ജമാഅത്തിനോടും ചേർന്നു നില്ക്കുക. ഈ നല്ല സന്ദേശം എല്ലാ വരെയും അറിയിക്കുക അതവർക്ക് പ്രയോജനകരമായേക്കും. നിങ്ങളുടെ സദുപ ദേശത്തിലൂടെ മറ്റുള്ളവരേയും പരിശുദ്ധരാക്കുക. എല്ലാ അശുദ്ധതകളിൽ നിന്നും മാറിപോവുക. സ്വയം ഒഴിഞ്ഞു നില്ക്കുക. മറ്റുള്ളവരേയും മാറ്റി നിർത്തുക, നബി തിരുമേനി (സ) യ്ക്കും ശേഷം വന്ന അല്ലാഹു (ത) വിന്റെ ഏകത്വത്തെ പ്രഘോ ഷിച്ച് അല്ലാഹുവിനെ മാത്രം ഭയപ്പെട്ട്, എല്ലാ വിധ ത്യാഗങ്ങളും വരിച്ച് കടന്നു പോയ സച്ചരിതരായ ഭക്തശ്രേഷ്ഠന്മാർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കുക.

ആത്മീയ പാതയിൽ നിങ്ങൾ സഞ്ചരിക്കുമ്പോൾ, പല പ്രയാസങ്ങളും നിങ്ങൾക്കും നേരിടേണ്ടിവരും. പരീക്ഷണങ്ങൾ, ദുഃഖങ്ങൾ, ബുദ്ധിമുട്ടുകൾ ഒക്കെ നിങ്ങളുടെ ജീവിതത്തിൽ നേരിടേണ്ടി വരും. നിങ്ങൾ വിശ്വാസ കാര്യത്തിൽ സ്ഥിരത കാട്ടുന്നവരായി തീരുക. തന്റെ തെറ്റുകളിൽ പശ്ചാത്തപിക്കുന്ന ഒരാൾ അല്ലാഹുവിന്റെ സത്തെയപ്പറ്റിയും, ഗുണനാമങ്ങളെപ്പറ്റിയും ബോധവനാകുക. ദൈവാസ്തിക്യത്തെപ്പറ്റിയുള്ള ഉറച്ച വിശ്വാസം ഉണ്ടായി വരുമ്പോൾ പാപങ്ങളെ വെറുക്കാൻ നിങ്ങൾക്ക് കഴിയും. പാപങ്ങൾ ചെയ്യാൻ ആദ്യം പ്രേരിതനാകുന്ന മനുഷ്യൻ പിന്നീട് തന്റെ പ്രവർത്തിയെ വെറുക്കും. പാപം ചെയ്യുന്നതിനെ വെറു ക്കും. ഇതാണ് തൗബ അഥവാ പശ്ചാത്താപം.

വിഷങ്ങളും വിഷജന്തുക്കളും ജനങ്ങൾ ഭയക്കുന്നതെന്നന്തുകൊണ്ട്? ഉത്തരം ലളിതം : വിഷയത്തിന്റെ പ്രത്യാഘാത വളരെ മോശമാണന്ന് ജനങ്ങൾക്കറിയാം.

ജനം പാപം ചെയ്യുന്നു, കള്ളം പറയുന്നു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു. സഹപ്രവർത്തകരെ ഉപദ്രവിക്കുന്നു. ഈ പൈശാചിക കൃത്യങ്ങൾ അരങ്ങേറു ന്നത് ഉള്ളിലെ ധാർമ്മികബോധം ക്ഷയിച്ചു കിടക്കുമ്പോഴാണ്. മലവെള്ളപ്പാച്ചിൽ പോലെ ഒഴുകുന്ന അധാർമ്മിക പ്രവൃത്തികൾ അല്ലാഹുവിലുള്ള വിശ്വാസത്തിൽ

നിന്ന് ജനങ്ങളെ അകറ്റി കളയുന്നതാണ്. പാമ്പുകളേയും വിഷത്തേയും ആളുകൾ ഭയക്കുന്നു. അവയുടെ അപകടത്തെക്കുറിച്ചുള്ള അറിവാണ് കാരണം. അതുപോലെ അല്ലാഹുവിൽ സമ്പൂർണ്ണ വിശ്വാസമുള്ള ഒരാൾ പാപങ്ങളിൽ നിന്ന് ഭയത്തോടെയും വെറുപ്പോടെയും അകന്നു മാറും.

അബൂ മൂസാ അൽ-അഷാരി (റ) നിവേദനം ചെയ്ത ഒരു ഹദീസ് വൃത്തിയും പരിശുദ്ധിയും ഈമാന്റെ (വിശ്വാസം) ഭാഗമാണ് എന്നു നബി തിരുമേനി (സ) അരുളി. അപ്പോൾ, ഒരു വിശ്വാസി തന്റെ ഹൃദയത്തേയും ശരീരത്തേയും ഭംഗിയായി, വൃത്തിയായി പരിശുദ്ധമാക്കി സൂക്ഷിയ്ക്കണം. ശാരീരിക വൃത്തികൂടാതെ ഹൃദയ വിശുദ്ധിയുണ്ടാവുകയില്ല. ഹൃദയം ശുദ്ധമായാൽ, അല്ലാഹു (ത) അവിടെ വസിയ്ക്കും. നിങ്ങളുടെ ബന്ധുക്കളെ ശ്രദ്ധിക്കുക. നിങ്ങളുടെ സഖാക്കളേയും, അവരെയും നിരിക്ഷിക്കുക. അവരുടെ ദീനിബോധം വിലയിരുത്തുക. അവരുടെ ദീനി ബോധത്തെ ശരിയായ രീതികളിൽ നിരീക്ഷിക്കുക.

ഇസ്ലാമിനെയും അഹ്മദിയ്യതിതനെയും കുറിച്ചുള്ള അറിവ് കൂടുതലായി ആർജ്ജിക്കുക. അറിവുനോടാനുള്ള ഏറ്റവും നല്ല സ്രോതസ്സ് വിശുദ്ധഖുർആൻ ആണ്. മതത്തെ സംബന്ധിച്ച മറ്ററിവുകൾ ഹദീസുകൾ വഴി നേടാം. അതുപോലെ വാഗദത്തമസീഹ് (അ) ന്റെ ഗ്രന്ഥങ്ങളും പാരായണം ചെയ്യുക. ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനു വേണ്ടി ഈ വിനീത ദൈവീകദാസനു മേൽ ഇറക്കപ്പെടുന്ന സന്ദേശങ്ങളും ഒരു വഴിയാണ്. ഈ കാര്യങ്ങളൊക്കെ ശ്രദ്ധിയ്ക്കുക. ജനങ്ങളിലേക്ക് സന്ദേശം എത്തിയ്ക്കുന്നതിന് ഇതൊക്കെ അറിഞ്ഞിരിയ്ക്കണം. നിങ്ങൾ പ്രചരിപ്പിക്കുന്നത് നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ പ്രചരണം വ്യർത്ഥമാകും. നിങ്ങളുടെ ജീവിതം ജീവിതശൈലി തന്നെ (മറ്റുള്ളവർക്ക്) ഒരു മാതൃകയാവണം. ചിന്തിച്ച് ആലോചിച്ച് സംസാരിയ്ക്കുക. ഇസ്ലാമിക പാഠങ്ങളിൽ തീർത്ത, നബി തിരുമേനിയുടെ മാതൃക പിൻപറ്റുന്ന ശരിയായ മാതൃകകൾ കൂടാതെ, ഇന്നത്തെ ലോകം ഇസ്ലാം മതത്തെ അംഗീകരിയ്ക്കുകയില്ല.

വിശ്വാസസ്ഥൈര്യത്തിന്റെ ആവശ്യകത നിങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടു വരിക. ആത്മീയ ജീവിതം നയിച്ച് നല്ല മാതൃകകൾ സൃഷ്ടിക്കുക. മറ്റുള്ളവർക്ക് നല്ല മാതൃകകളാകുന്ന സൽസന്താനങ്ങളായി തീരുക. നിങ്ങളുടെ പെരുമാറ്റത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കുക. കുടുംബ സംഗമം, സാമൂ

ഹിക യോഗം, നിങ്ങളും വിദേശികളും തമ്മിലുള്ള ആശയവിനിമയ ബന്ധം ഇവ യിലൊക്കെ സാംസ്ക്കാരിക ഔന്നത്യം കൈകൊള്ളുക.

സ്നേഹത്തിലും പരസ്പര സാഹോദര്യത്തിലും അടിസ്ഥാനമാക്കി നന്മയും ബന്ധുത്വപരമായ സ്നേഹത്തോടെയും ജനങ്ങളുടെ ഹൃദയം ആകർഷിക്കുക. അല്ലെങ്കിൽ, ദൗത്യത്തിൽ നിങ്ങൾക്ക് വിജയിക്കാനാവുകയില്ല.

നമ്മൾ ഓരോരുത്തരും ഓരോ ദിവസവും നമ്മുടെ മനസ്സിനെ പരിശോധി യ്ക്കുക. നമ്മൾ പ്രചരിപ്പിക്കുന്ന ആശയങ്ങൾ തന്നെയാണോ നമ്മൾ പ്രവർത്തി യ്ക്കുന്നതെന്ന് നിരീക്ഷിക്കുക. നമ്മുടെ തന്നെ നന്മയയ്ക്കു വേണ്ടി മറ്റുള്ളവ രോട് ദയയോടെ പ്രവർത്തിയ്ക്കുവാൻ അല്ലാഹു (ത) നല്കുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുക.

എന്റെ പ്രിയ സഹോദരന്മാരേ, സഹോദരിമാരേ, ! മുകളിൽ സൂചിപ്പിച്ച പാഠ ങ്ങളിൽ ചിന്തിയ്ക്കുക. നിങ്ങളുടെ പ്രവർത്തികളെ ഇവയുടെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുക. അല്ലാഹു (ത) നിങ്ങളുടെ സഹായത്തിന് എത്തട്ടെ ! സംര ക്ഷിക്കട്ടെ ! ഈ ലോകത്തും പരലോകത്തും നിങ്ങൾക്ക് വിജയം ലഭിക്കട്ടെ! നിങ്ങ ളുടെ ജോലികളിൽ പുരോഗതി നല്കട്ടെ ! ധനത്തിലും കുടുംബത്തിലും അഭി വൃദ്ധി നല്കട്ടെ ! ദൈവം തെരഞ്ഞെടുത്ത ആത്മീയ പാതയിൽ സഞ്ചരിയ്ക്കു വാൻ നമുക്ക് സന്തോഷം ലഭിക്കട്ടെ. നമ്മുടെ സ്നേഹവും സലാമും, നിങ്ങൾ മുതിർന്നവർ, കുട്ടികൾ, സഹോദരന്മാർ, സഹോദരിമാർ എല്ലാവർക്കും നല്കു ന്നു. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിയ്ക്കാം. അല്ലാഹു (ത) എനിക്ക് സന്തോഷവും ആരോഗ്യവും ഐശ്വ ര്യവും നല്കട്ടെ. അല്ലാഹു (ത) വിന്റെ ഏകത്വത്തെ പ്രഘോഷിച്ച് കൊണ്ട് മാന വരാശിക്ക് സേവനം എപ്പോഴും ചെയ്തു കൊണ്ടിരിക്കാൻ അവസരമുണ്ടാകട്ടെ, ആമീൻ സുമ്മ ആമീൻ


**Translated By : Fazil Jamal**
**Issued by : R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**